## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 102 — 01-12-2014-ൽ മറുപടിയ്ക്ക്

### കഴിഞ്ഞ പത്ത് വർഷത്തിലെ അബ്കാരി നയം

ചോദ്യം: — ഉത്തരം:

ഡോ.കെ.ടി. ജലീൽ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പുതുക്കിയ അബ്കാരി നയം പ്രാബല്യത്തിൽ വന്നത് ഏത് തീയതി മുതലായിരുന്നു; ഓരോ വർഷവും അബ്കാരി നയം നോട്ടിഫൈ ചെയ്ത തീയതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പുതുക്കിയ അബ്കാരി നയം പ്രാബല്യത്തിൽ വന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | യു.ഡി.എഫ് തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ അവകാശപ്പെട്ട പ്രകാരമാണോ ഈ സർക്കാർ അബ്കാരി നയം പ്രഖ്യാപിച്ചത്; എങ്കിൽ ആദ്യ വർഷവും രണ്ടാം വർഷവും മൂന്നാം വർഷവും പ്രഖ്യാപിച്ച നയങ്ങൾ എന്തെല്ലാമായിരുന്നു; നാലാം വർഷത്തെ നയം വർഷാരംഭത്തിൽ തന്നെ പ്രഖ്യാപിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു; വിശദമാക്കാമോ ? | (ബി) | മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്ക്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 17.8.2011-ലെ ജി.ഒ.(എം.എസ്) നം.107/2011/നി.വ. പ്രകാരം 2011-12-ലേയും, 19.7.2012-ലെ ജി.ഒ.(എം.എസ്) |

| | | | |
|---|---|---|---|
| | | | നം.130/2012/നി.വ. പ്രകാരം 2012-13-ലേയും, 12.2.2014-ലെ ജി.ഒ.(എം.എസ്) നം.22/2014/നി.വ. പ്രകാരം കള്ള്ചെത്ത് വ്യവസായ മേഖലയ്ക്ക് മാത്രമായും, 22.8.2014-ലെ ജി.ഒ. (എം.എസ്) നം.139/2014/നി.വ. എന്നീ ഉത്തരവുകൾ പ്രകാരം 2014-15-ലെ അബ്കാരി നയവും പ്രഖ്യാപിച്ചിട്ടുണ്ട്.<br>വിദേശമദ്യ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകളിൽ അബ്കാരി നയത്തിലെ 3 നക്ഷത്ര പദവിയിള്ള ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസ് നൽകേണ്ടതില്ലായെന്ന തീരുമാനവും, ലൈസൻസ് അനുവദിക്കുമ്പോൾ നിലവിലുള്ള ബാർ ഹോട്ടലുകൾ തമ്മിൽ നിശ്ചിത അകലം വേണമെന്ന നിബന്ധനയും ബഹു.ഹൈക്കോടതി റദ്ദാക്കുകയുമുണ്ടായി. ടി കേസ് ബഹു. സുപ്രീം കോടതിയിൽ പരിഗണനയിലിരിക്കെ, സംസ്ഥാനത്ത് സമഗ്ര മദ്യനയം രൂപീകരിക്കുന്നതിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ റിട്ട. ജഡ്ജി ശ്രീ.രാമചന്ദ്രനെ കമ്മീഷനായി നിയമിക്കുകയും ടി കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ച തീയതിക്ക് തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ രാജ്യത്തെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 2013-14 വർഷത്തിലെ മദ്യനയം സാമ്പത്തിക വർഷത്തിനു മുൻപ് പ്രഖ്യാപിക്കുവാൻ സാധിക്കാതെ വരുകയും 2014-15 വർഷത്തെ അബ്കാരി നയം വൈകുകയും ഉണ്ടായി. |

സെക്ഷൻ ഓഫീസർ